തീയതി ആന്ധ്രാ ഗവൺമെന്റ് അറിടുത്തെ പൊക്കം കുറഞ്ഞ, കുള്ളന്മാർ എന്നു വിശേഷിപ്പിക്കുന്ന എല്ലാ ആളുകൾക്കും മൂന്നു ശതമാനം സംവരണം കൊടുത്തുകൊണ്ടുള്ള പ്രഖ്യാപനം നടത്തിയിരിക്കുകയാണ്. ശരീരത്തിൽ ഏതെങ്കിലും ഭാഗം ഇല്ലെങ്കിൽ വികലാംഗർക്കുവരെ ആനുകൂല്യങ്ങൾ കൊടുക്കുന്നുണ്ട്. മാനുഷിക പരിഗണനവച്ച് ഇങ്ങനെയുള്ള ആളുകളെ സംരക്ഷിക്കാൻ, ഇവർക്ക് സംവരണം കൊടുക്കാൻ ഗവൺമെന്റ് അടിയന്തിര നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (*ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ*): സർ, ഞാൻ ഇതിന് മറുപടി പറയുന്നതിനുമുമ്പായി അദ്ദേഹവുമായി തന്നെ സംസാരിക്കുകയുണ്ടായി. കാരണം ഡിപ്പാർട്ടുമെന്റ് എഴുതിത്തന്നതിൽനിന്ന് വ്യത്യസ്തമായി അദ്ദേഹം പറഞ്ഞപ്പോഴാണ് മനസ്സിലായത്. ഞാൻ ആദ്യം വിചാരിച്ചത് ഉയരം കുറഞ്ഞ ആളുകൾ എന്നുള്ള നിലയിലാണ് ഇത് വന്നത് എന്നാണ്. പക്ഷേ അദ്ദേഹം പറഞ്ഞത് ശരിയാണ്. സാധാരണ സർക്കസ്സുകാർ കൊണ്ടുനടക്കുന്ന ആളുകളുണ്ട്. അത് അദ്ദേഹവുമായി സംസാരിച്ചപ്പോഴാണ് മനസ്സിലായത്. അത് വളരെ ഗൗരവമുള്ള പ്രശ്നമാണ്. അതുകൊണ്ട് Physically handicapped എന്ന കാറ്റഗറിയിൽ ഉൾപ്പെടുത്തി ആന്ധ്രപ്രദേശ് ഗവൺമെന്റ് ചെയ്തതുപോലെ ഇവരുടെ കാര്യത്തിൽ ചെയ്യാൻ പറ്റുമോയെന്ന കാര്യം ഗൗരവമായി പരിശോധിക്കാം.

(12) പേരൂർക്കട ആസ്ഥാനമാക്കി എ. സി. ഓഫീസും ശ്രീകാര്യം, നാലാഞ്ചിറ, കരമന എന്നിവിടങ്ങളിൽ പോലീസ് സ്റ്റേഷനും അനുവദിക്കണമെന്ന ആവശ്യം

ശ്രീ. കെ. മോഹൻ കുമാർ: സർ, തിരുവനന്തപുരം നഗരത്തിലെ ക്രമസമാധാനവും കുറ്റാന്വേഷണവും മെച്ചപ്പെടുത്തുന്നതിന് പേരൂർക്കട കേന്ദ്രമാക്കി ഒരു അസിസ്റ്റന്റ് കമ്മീഷണർ ഓഫ് പോലീസ് ഓഫീസ് അനുവദിക്കണം. സെക്രട്ടേറിയറ്റിന്റേയും നിയമസഭയുടേയും യൂണിവേഴ്സിറ്റിയുടേയും സംരക്ഷണ ചുമതലയുള്ള കന്റോൺമെന്റ് എ.സി.-ക്ക് നഗരത്തിലെ മറ്റ് സ്റ്റേഷനുകളിലെ നിയമപ്രശ്നങ്ങൾ ശ്രദ്ധിക്കാൻ കഴിയുന്നില്ല. ഏറ്റവും കൂടുതൽ ക്രൈം കേസുകൾ രജിസ്റ്റർ ചെയ്യപ്പെട്ട മെഡിക്കൽ കോളേജ് പോലീസ് സ്റ്റേഷൻ ബൈഫർക്കേറ്റ് ചെയ്യാനും ശ്രീകാര്യം, നാലാഞ്ചിറ, കരമന എന്നിവിടങ്ങളിൽ ഓരോ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി (*ശ്രീ. വക്കം പുരുഷോത്തമൻ*): സർ, അദ്ദേഹത്തിന്റെ നിവേദനപ്രകാരം ഇപ്പോൾ അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ കരമനയിൽ പോലീസ് സ്റ്റേഷൻ അനുവദിച്ചിട്ടുണ്ട്. ശ്രീകാര്യം പോലീസ് സ്റ്റേഷന്റെ കാര്യം പരിഗണനയിലാണ്. പ്രയോറിറ്റി

LIBRARY ARCHIVES Kerala Legislative Assembly

ലിസ്റ്റുണ്ടാക്കിയിട്ടുണ്ട്. അതിൽ രണ്ടാമത്തേതായാണ് ശ്രീകാര്യം കിടക്കുന്നത്. കന്റോൺമെന്റ് സ്റ്റേഷൻ വിഭജിക്കുന്ന കാര്യം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. അതിനുള്ള നടപടികൾ സ്വീകരിക്കാവുന്നതാണ്.

(13) വളയം പി.എച്ച്.സി. കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ ആക്കി ഉയർത്തണമെന്ന ആവശ്യം

ശ്രീ. ബിനോയ് വിശ്വം: സർ, എന്റെ നാട്ടിൽ വളയത്ത് ഒരു പി.എച്ച്.സി. ഉണ്ട്. 1957-ൽ ആരംഭിച്ചതാണ്. അതിപ്പോൾ തുടങ്ങിയതിനേക്കാൾ കഷ്ടത്തിലാണ്. അത് സി.എച്ച്.സി. ആക്കാനുള്ള ശുപാർശകളും നിവേദനങ്ങളും ധാരാളമുണ്ടായി.

മി.സ്പീക്കർ: ഹെൽത്ത് മിനിസ്റ്റർ ..... ഹെൽത്ത് മിനിസ്റ്റർ ..... ശ്രീ. രാധാകൃഷ്ണന്, സബ്മിഷൻ സമയത്ത് ഉത്തരവാദപ്പെട്ട മന്ത്രിമാരോട് സംസാരിച്ചിരിക്കാൻ പറ്റുമോ?

ശ്രീ. ബിനോയ് വിശ്വം: 1957-ൽ തുടങ്ങിയ കാര്യമാണ്. അത് പറയുമ്പോൾ കേൾക്കാനുള്ള സന്മനസ്സ് കാണിക്കേണ്ടേ?

മി. സ്പീക്കർ: വിഷയത്തിലേക്ക് വരൂ.

ശ്രീ. ബിനോയ് വിശ്വം: മന്ത്രിക്ക് എല്ലാം അറിയാം. അത് സി.എച്ച്.സി. ആക്കണം. സി.എച്ച്.സി. ആക്കുന്നതുവരെ ആളുകളെ കിടത്തിചികിത്സിക്കാനുള്ള സൗകര്യമുണ്ടാക്കണം. അത് ന്യായമായ അവകാശമാണ്. അത് പരിഗണിച്ചേ മതിയാകൂ. ഇനിയും കാത്തു നിൽക്കാൻ പറയരുത്.

ആരോഗ്യ വകുപ്പുമന്ത്രി *(ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ)*: സർ, സി.എച്ച്.സി. ആക്കുന്നതിന് കുറെ പുതിയ അധിക തസ്തികകൾ സൃഷ്ടിക്കേണ്ടിവരും. അധിക തസ്തികകൾ സൃഷ്ടിക്കാൻ ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതികൊണ്ട് സാധിക്കാത്ത സ്ഥിതിവിശേഷമുണ്ട്. അങ്ങ് പറയുന്നത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. ആ പ്രദേശത്ത് സി.എച്ച്.സി. ആവശ്യമാണെന്ന കാര്യത്തിൽ സംശയമില്ല. ഗവൺമെന്റിന്റെ സാമ്പത്തിക പരിമിതി അനുസരിച്ച് തീർച്ചയായും സി.എച്ച്.സി. ആക്കി ഉയർത്തുന്ന കാര്യം പരിഗണിക്കുന്നതാണ്.

(14) നരിക്കുനി ഫയർ സ്റ്റേഷന്റെ പ്രവർത്തനം

ശ്രീ. സി. മമ്മൂട്ടി: സർ, നരിക്കുനിയിൽ ഗവൺമെന്റ് അനുവദിച്ച ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് ആവശ്യമായ സ്ഥലവും കെട്ടിടവും വാട്ടർ ടാങ്കും നിർമ്മിക്കണമെന്ന് ഗ്രാമപഞ്ചായത്തിനോട് ആവശ്യപ്പെട്ടു. അതനുസരിച്ച് ഗ്രാമപഞ്ചായത്ത് ഇതൊക്കെ ഒരുക്കിയിട്ടുണ്ട്. ഇനി വാഹനവും ജീവനക്കാരേയും നൽകി ഉദ്ഘാടന ഡേറ്റ് പ്രഖ്യാപിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി ധനകാര്യവും എക്സൈസും വകുപ്പുമന്ത്രി *(ശ്രീ. വക്കം പുരുഷോത്തമൻ):* സർ, അതാണ് പ്രശ്നം. ജീവനക്കാരും വാഹനങ്ങളുമാണ് പ്രശ്നം. എം. പി. ഫണ്ടും എം. എൽ. എ. ഫണ്ടും ഉള്ളതുകൊണ്ട് ഇപ്പോൾ

LIBRARY ARCHIVES Kerala Legislative Assembly